പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T6178

08.07.2014 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ വായ്പാ പദ്ധതി സുതാര്യമാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പ പദ്ധതി സുതാര്യമാക്കുന്നതിനായി ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുവാൻ സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) വിദ്യാഭ്യാസ വായ്പകൾ സംബന്ധിച്ച പരാതികൾ തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനായുള്ള സമിതി നിലവിലുണ്ട്. ലീഡ് ബാങ്ക് മാനേജർ ഇതിന്റെ കൺവീനറും, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, മുഖ്യ ബാങ്കുകളിൽ |

നിന്നുള്ള പ്രതിനിധികൾ ഇതിലെ അംഗങ്ങളുമാണ്. ഈ സമിതി ആവശ്യമുള്ളപ്പോൾ യോഗം ചേരുകയും പരാതികൾ തീർപ്പു കൽപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ, പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ബാങ്ക് മുഖാന്തിരം പരിഹരിച്ചു നൽകാറുണ്ട്.

(സി) വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥി പഠനകാലാവധിക്കിട-യിൽ മരണപ്പെടുന്ന സാഹചര്യങ്ങളിൽ വായ്പയെഴുതിത്തള്ളുന്നതി-നുള്ള നിർദ്ദേശങ്ങളോ ഉത്തരവു-കളോ നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യ-മാക്കുമോ?

(സി) വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥി പഠന കാലാവധിക്കിടയിൽ മരണപ്പെട്ടാൽ വായ്പ എഴുതി-ത്തള്ളാനുള്ള ഒരു പദ്ധതിയും നിലവിലില്ല. എന്നാൽ, അത്തരം കേസുകളിൽ മാനുഷിക പരിഗണന നൽകി അതാതു ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് ഓരോ പരാതിയും അനുഭാവപൂർവ്വം പരിഗണിച്ച് വിദ്യാഭ്യാസ വായ്പ പൂർണ്ണമായും ഒഴിവാക്കുകയോ പലിശയിൽ ഇളവു നൽകുകയോ ചെയ്യണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതി ബാങ്കുകൾക്ക് നിർദ്ദേശം നൽകി-യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ